(ഇ) മുൻഗണനാക്രമത്തിനും സാധനസാമഗ്രികളുടെ ലഭ്യതയ്ക്കും വിധേയമായി എല്ലാ ജോലികളും കഴിവതുംവേഗം പൂർത്തിയാക്കുന്നതാണ്.

169 (1713) പനത്തടി പഞ്ചായത്തിൽ 110 കെ.വി. സബ്സ്റ്റേഷൻ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ് നിയോജകമണ്ഡലത്തിലെ പനത്തടി പഞ്ചായത്തിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) 1999-2000 സാമ്പത്തിക വർഷത്തിൽ പുതിയ 110 കെ.വി. സബ്സ്റ്റേഷനുകൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം ജില്ലയിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹോസ്ദുർഗ് നിയോജകമണ്ഡലത്തിലെ പനത്തടി വില്ലേജിൽ രാജപുരത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച സാങ്കേതിക പഠനം നടന്നുവരുന്നു. പഠന റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) 1. കാസർഗോഡ്
2. കണ്ണൂർ
3. മലപ്പുറം
4. കോഴിക്കോട്
5. പാലക്കാട്
6. തൃശ്ശൂർ
7. എറണാകുളം
8. ആലപ്പുഴ
9. കോട്ടയം
10. തിരുവനന്തപുരം.

170 (1714) കുറ്റ്യാട്ടൂരിലെ സബ്സ്റ്റേഷൻ

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly